# പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 256 — 19.06.14 ൽ – മറുപടിക്ക്

## റേഷൻ കാർഡ് വിതരണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കോവൂർ കുഞ്ഞുമോൻ | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും, രജിസ്ട്രേഷനും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്ത് നിലവിലുള്ള വിവിധ വിഭാഗങ്ങളിലുള്ള റേഷൻ ഉപഭോക്താക്കൾ ആരെല്ലാം; ഓരോ വിഭാഗത്തിന്റെയും നിർണ്ണയ മാനദണ്ഡം വിശദമാക്കുമോ; | (എ) കേരള റേഷനിംഗ് ഉത്തരവ് 1966 പ്രകാരം സംസ്ഥാനത്ത് റേഷൻ സാധനങ്ങൾ വിതരണം നടത്തുന്നതിനായി സംസ്ഥാനത്തെ ഒരു വ്യക്തിക്കോ, കുടുംബത്തിനോ നൽകുന്ന രേഖയാണ് റേഷൻ കാർഡ്. സംസ്ഥാനത്ത് നിലവിലുള്ള റേഷൻ ഉപഭോക്താക്കൾ എ.പി.എൽ., എ.പി.എൽ(എസ്.എസ്), ബി.പി.എൽ., എ.എ.വൈ. എന്നീ വിഭാഗത്തിൽ പ്പെട്ടവരാണ്. ഈ വിഭാഗങ്ങളിൽ ഉൾപ്പെടുത്തുന്നതിനുള്ള മാനദണ്ഡങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (ബി) അന്യസംസ്ഥാന തൊഴിലാളികളുടെ പേരിൽ റേഷൻ കാർഡ് നൽകുന്നതിന് നിയമമുണ്ടോ; ഇത്തരത്തിൽ റേഷൻ കാർഡ് അന്യസംസ്ഥാന തൊഴിലാളികൾ കൈവശപ്പെടുത്തിയതായി പരാതി ലഭിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | (ബി) അന്യസംസ്ഥാനതൊഴിലാളികളുടെ പേരിൽ റേഷൻ കാർഡ് നൽകുന്നതിന് നിയമമില്ല. ഇത്തരത്തിൽ കാർഡ് കൈവശപ്പെടുത്തിയതായി പരാതി ലഭിച്ചിട്ടില്ല. |
| (സി) ഒരാളിന്റെ പേര് ഒന്നിൽകൂടുതൽ റേഷൻ കാർഡുകളിൽ ഉൾപ്പെട്ടിട്ടുണ്ടോ എന്ന് അറിയുന്നതിന് എന്തുമാർഗ്ഗമാ ണുള്ളത്; വിശദമാക്കുമോ; | (സി) ഒരാളിന്റെ പേര് ഒന്നിൽകൂടുതൽ റേഷൻ കാർഡുകളിൽ ഉൾപ്പെട്ടിട്ടുണ്ടോ എന്നറിയുന്നതിന് നിലവിൽ മാർഗ്ഗമില്ല. പൊതുവിതരണ രംഗത്ത് കമ്പ്യൂട്ടർവൽക്കരണം പൂർണ്ണമായി നടപ്പിലാക്കുന്നതിന് തീരുമാനിക്കുകയും നടപടികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. കമ്പ്യൂട്ടർവൽക്കരണം പൂർത്തീകരിക്കുന്നതോടൊപ്പം ഇത്തരത്തിൽ ഒന്നിലധികം കാർഡുകളിൽ പേര് ഉൾപ്പെട്ടിട്ടുണ്ടെങ്കിൽ അത് ഒഴിവാക്കാൻ കഴിയും. |
| (ഡി) അറുപത് വയസിനു മുകളിൽ പ്രായമുള്ള കുടുംബാംഗങ്ങളുടെ പേരിൽ റേഷൻകാർഡ് നൽകുന്നത് ഗുണകരമാണോ; ഇത് ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കുമോ ? | (ഡി) നിലവിൽ കുടുംബത്തിലെ മുതിർന്ന ആളാണ് റേഷൻകാർഡുടമ. എന്നാൽ മുതിർന്ന ആൾ റേഷൻ കാർഡിന്റെ ഉടമയായിരിക്കണം എന്ന് നിർബന്ധമില്ല. 60 വയസ്സിന് മുകളിലുള്ളവരെ കാർഡുടമയാക്കുന്നതുകൊണ്ട് എന്തെങ്കിലും തരത്തിലുള്ള ബുദ്ധിമുട്ടുകൾ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ

# വിശദീകരണ കുറിപ്പ്

സംസ്ഥാനത്ത് നിലവിലുള്ള റേഷൻ ഉപഭോക്താക്കൾ എ.പി.എൽ., എ.പി.എൽ(എസ്.എസ്), ബി.പി.എൽ., എ.എ.വൈ. എന്നീ വിഭാഗത്തിൽ- പ്പെട്ടവരാണ്. 1966 ലെ റേഷനിംഗ് ഉത്തരവ് അനുസരിച്ച് സംസ്ഥാനത്ത് റേഷൻ സാധനങ്ങൾ വിതരണം നടത്തുന്നതിനായി സംസ്ഥാനത്തെ ഒരു വ്യക്തിക്കോ, കുടുംബത്തിനോ നൽകുന്ന രേഖയാണ് റേഷൻകാർഡ്.

പൊതുവിതരണ സമ്പ്രദായം സമൂഹത്തിലെ ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള ജനങ്ങളെ പ്രധാനമായും ലക്ഷ്യം വച്ചുകൊണ്ട് പുനഃസംവിധാനം ചെയ്യുവാൻ കേന്ദ്രസർക്കാർ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ ഓരോ സംസ്ഥാനത്തേയും ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള കുടുംബങ്ങൾക്ക് റേഷൻ വിലയുടെ പകുതി വിലയ്ക്ക് അരി നൽകുവാൻ തീരുമാനിക്കുകയും ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള അർഹരായ കുടുംബങ്ങളെ കണ്ടെത്തുന്നതിനായി കേന്ദ്രസർക്കാർ നൽകി- യിരുന്ന നിർദ്ദേശങ്ങൾക്കനുസൃതമായി ഗ്രാമ പ്രദേശങ്ങളിൽ സംയോജിത ഗ്രാമവികസന പദ്ധതി പ്രകാരവും, നഗര പ്രദേശങ്ങളിൽ ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതി പ്രകാരവുമുള്ള ഗുണഭോക്താക്കളുടെ പട്ടികയുടെ അടിസ്ഥാനത്തിൽ ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള, അന്ന് നിലവിലുണ്ടായിരുന്ന കാർഡുകളുടെ 42%, കാർഡുകൾ ബി.പി.എൽ കാർഡുകളാക്കി നൽകുന്നതിന് 25.04.97-ലെ സ.ഉ.(കൈ) നം.12/97/ഭ.സി.സ.വ. പ്രകാരം ഉത്തരവ് ആകുകയും ചെയ്തു. നിലവിൽ ബി.പി.എൽ. ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിനുള്ള വെയിറ്റേജും മാനദണ്ഡങ്ങളും പുതുക്കി തദ്ദേശസ്വയം ഭരണ വകുപ്പ് 14.01.2011-ലെ സ.ഉ(കൈ)നം.16/2011/ത.സ്വ.ഭ.വ, 27.04.2012-ലെ സ.ഉ.(കൈ)നം.112/12/ത.സ്വ.ഭ.വ എന്നീ ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്.

ഭക്ഷ്യ സുരക്ഷിതത്വം ഉറപ്പുവരുത്തുക, എല്ലാവരേയും വിശപ്പിൽ നിന്ന് വിമുക്തമാക്കുക, ഏറ്റവും പാവപ്പെട്ടവർക്ക് പ്രയോജനം ലഭിയ്ക്കത്തക്കവിധം പൊതുവിതരണ സംവിധാനം മെച്ചപ്പെടുത്തുക എന്നീ ലക്ഷ്യങ്ങളോടെ 2000-ൽ കേന്ദ്രസർക്കാർ ആവിഷ്കരിച്ച പദ്ധതിയാണ് അന്ത്യോദയ അന്നയോജന. പാവപ്പെട്ടവരിൽ പാവപ്പെട്ടവരോടൊപ്പം, സാമൂഹ്യമോ

കുടുംബപരമോ ആയി സഹായമില്ലാത്ത വിധവകളോ, വാർദ്ധക്യാധിക്യ രോഗബാധിതരോ, അംഗവൈകല്യമുളളവരോ, 60 വയസ്സോ മുകളിലോ പ്രായമുളളവരോ നാഥ/നാഥനായിട്ടുളള കുടുംബങ്ങളും ഈ പദ്ധതിയിൽ ഉൾപ്പെട്ടിട്ടുണ്ട്. സാമൂഹ്യമോ കുടുംബപരമോ ആയി സഹായമില്ലാത്ത വിധവകളോ വാർദ്ധക്യാധിക്യരോഗം ബാധിച്ചവരോ, അംഗവൈകല്യമുളളവരോ, അറുപതുവയസ്സോ അതിന് മുകളിൽ പ്രായമുളളവരോ ആയ ഏകയായ സ്ത്രീയേയും, ഏകനായ പുരുഷനേയും ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇവയ്ക്ക് പുറമേ എല്ലാ പ്രാക്തനഗോത്രവർഗ്ഗങ്ങളേയും അന്ത്യോദയ അന്നയോജന പദ്ധിതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

സംസ്ഥാനത്തെ റേഷൻകാർഡ് ഉടമകളിൽ രണ്ടര ഏക്കറിൽ കൂടുതൽ ഭൂമിയുളള കുടുംബങ്ങൾ പ്രതിമാസം 25,000/- രൂപയിൽ കൂടുതൽ കുടുംബ വരുമാനമുളളവർ, 2500 ചതുരശ്ര അടിയിൽ അധികം വിസ്തീർണ്ണമുളള വീടുകളുളള കുടുംബങ്ങൾ ഒഴികെയുളള എ.പി.എൽ കാർഡുടമകൾ ഫോട്ടോ പതിച്ച സത്യവാങ്മൂലം സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ 2 രൂപ നിരക്കിൽ ഭക്ഷ്യധാന്യം വിതരണം ചെയ്യുന്ന പദ്ധതിയാണ് എ.പി.എൽ (എസ്.എസ്).

# അനുബന്ധം.

പൊതുവിതരണ സമ്പ്രദായം സമൂഹത്തിലെ ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള ജനങ്ങളെ പ്രധാനമായും ലക്ഷ്യം വച്ചുകൊണ്ട് പുന:സംവിധാനം ചെയ്യുവാൻ കേന്ദ്രസർക്കാർ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ ഓരോ സംസ്ഥാനത്തേയും ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള കുടുംബങ്ങൾക്ക് റേഷൻ വിലയുടെ പകുതി വിലയ്ക്ക് അരി നൽകുവാൻ തീരുമാനിച്ചു. ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള അർഹരായ കുടുംബങ്ങളെ കണ്ടെത്തുന്നതിനായി കേന്ദ്രസർക്കാർ നൽകിയിരുന്ന നിർദ്ദേശങ്ങൾക്കനുസൃതമായി ഗ്രാമപ്രദേശങ്ങളിൽ സംയോജിത ഗ്രാമവികസന പദ്ധതി പ്രകാരവും, നഗരപ്രദേശങ്ങളിൽ ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതി പ്രകാരവുമുള്ള ഗുണഭോക്താക്കളുടെ പട്ടികയുടെ അടിസ്ഥാനത്തിൽ ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള, അന്ന് നിലവിലുണ്ടായിരുന്ന കാർഡുകളുടെ 42%, കാർഡുകൾ ബി.പി.എൽ കാർഡുകളാക്കി നൽകുന്നതിന് 25.04.97-ലെ സ.ഉ.(കൈ) നം. 12/97/ഭ.സി.സ.വ. പ്രകാരം ഉത്തരവ് ആകുകയും ചെയ്തു. നിലവിൽ ബി.പി.എൽ. ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിനുള്ള വെയിറ്റേജും മാനദണ്ഡങ്ങളും പുതുക്കി തദ്ദേശസ്വയം ഭരണ വകുപ്പ് 14.01.2011-ലെ സ.ഉ(കൈ)നം.16/2011/ത.സ്വ.ഭ.വ, 27.04.2012-ലെ സ.ഉ.(കൈ)നം.112/12/ത.സ്വ.ഭ.വ എന്നീ ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്.

ഭക്ഷ്യ സുരക്ഷിതത്വം ഉറപ്പുവരുത്തുക, എല്ലാവരേയും വിശപ്പിൽ നിന്ന് വിമുക്തമാക്കുക, ഏറ്റവും പാവപ്പെട്ടവർക്ക് പ്രയോജനം ലഭിയ്ക്കത്തക്കവിധം പൊതുവിതരണ സംവിധാനം മെച്ചപ്പെടുത്തുക എന്നീ ലക്ഷ്യങ്ങളോടെ 2000-ൽ കേന്ദ്രസർക്കാർ ആവിഷ്കരിച്ച പദ്ധതിയാണ് അന്ത്യോദയ അന്നയോജന. പാവപ്പെട്ടവരിൽ പാവപ്പെട്ടരോടൊപ്പം, സാമൂഹ്യമോ കുടുംബപരമോ ആയി സഹായമില്ലാത്ത വിധവകളോ, വാർദ്ധക്യാധിക്യ രോഗബാധിതരോ, അംഗവൈകല്യമുള്ളവരോ, 60 വയസ്സോ മുകളിലോ പ്രായമുള്ളവരോ നാഥ/നാഥനായിട്ടുള്ള കുടുംബങ്ങളും ഈ പദ്ധതിയിൽ ഉൾപ്പെട്ടിട്ടുണ്ട്. സാമൂഹ്യമോ കുടുംബപരമോ ആയി സഹായമില്ലാത്ത വിധവകളോ വാർദ്ധക്യാധിക്യരോഗം ബാധിച്ചവരോ, അംഗവൈകല്യമുള്ളവരോ, അറുപതുവയസ്സോ അതിന് മുകളിൽ പ്രായമുള്ളവരോ ആയ ഏകയായ സ്ത്രീയേയും, ഏകനായ പുരുഷനേയും ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇവയ്ക്ക് പുറമേ എല്ലാ പ്രാക്തനഗോത്രവർഗ്ഗങ്ങളേയും അന്ത്യോദയ അന്നയോജന പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

സംസ്ഥാനത്തെ റേഷൻകാർഡ് ഉടമകളിൽ രണ്ടര ഏക്കറിൽ കൂടുതൽ ഭൂമിയുള്ള കുടുംബങ്ങൾ പ്രതിമാസം 25,000/- രൂപയിൽ കൂടുതൽ കുടുംബ വരുമാനമുള്ളവർ, 2500 ചതുരശ്ര അടിയിൽ അധികം വിസ്തീർണ്ണമുള്ള വീടുകളുള്ള കുടുംബങ്ങൾ ഒഴികെയുള്ള എ.പി.എൽ കാർഡുടമകൾ ഫോട്ടോ പതിച്ച സത്യവാങ്മൂലം സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ 2 രൂപ നിരക്കിൽ ഭക്ഷ്യധാന്യം വിതരണം ചെയ്യുന്ന പദ്ധതിയാണ് എ.പി.എൽ (എസ്.എസ്).